"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - Scheme for Special Assistance to States for Capital Investment 2024-25 - സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം - ആലുവ താലൂക്കിലെ കറുകുറ്റി വില്ലേജ് ഓഫീസിന് പകരം ചൊവ്വര വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയ എറണാകുളം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1241/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. 24.01.2025 തീയതിയിലെ സ.ഉ.(സാധാ)നം.204/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 09.04.2025 തീയതിയിലെ എൽആർ/12273/2024-എൽആർ(എം2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

Scheme for Special Assistance to States for Capital Investment 2024-25-ൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ കറുകുറ്റി വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമാണത്തിന് പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അങ്കമാലി നിയോജകമണ്ഡലത്തിലുൾപ്പെട്ട കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ, അനുബന്ധം II, വാല്യം II-ലെ ഭരണാനുമതിയില്ലാത്ത മരാമത്തു പണികളിൽ, 2553 സീരിയൽ നമ്പറായി കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് മൊത്തം അടങ്കൽ തുകയുടെ (200 ലക്ഷം) 20% ആയ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനാൽ കറുകുറ്റി വില്ലേജ് ഓഫീസിന് പകരം, കാലപ്പഴക്കമുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ചൊവ്വര വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമിക്കുന്നതിലേക്ക് പൊതുമരാമത്ത് വകുപ്പിന് എറണാകുളം ജില്ലാ കളക്ടർ വർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായും അടിയന്തര സാഹചര്യം പരിഗണിച്ച നടത്തിയ ടി പ്രവൃത്തി സാധുകരിച്ചു നൽകണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Scheme for Special Assistance to States for Capital Investment 2024-25-ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണത്തിന് ഭരണാനുമതി നൽകിയ ആലുവ താലൂക്കിലെ കറുകുറ്റി വില്ലേജ് ഓഫീസിന് പകരം ചൊവ്വര വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പൊതുമരാമത്ത് വകുപ്പിന് വർക്ക് ഡെപ്പോസിറ്റ് ചെയ്ത എറണാകുളം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PUSHPAVALLY B

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 26-05-2025 17:03:39

സെക്ഷൻ ഓഫീസർ